# ഉള്ളടക്കം


1 ആമുഖം
2. അടിസ്ഥാനവിവരങ്ങൾ
3. വിദ്യാലയ ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥാവിശകലനം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
7. പ്രതീക്ഷിത നേട്ടങ്ങൾ
8. മോണിറ്ററിംഗ്
9. ഉപസംഹാരം


## അനുബന്ധം


1. വിദ്യാലയം – പ്ലാൻ

# ആമുഖം

ഭൗതികപരമായും, സാംസ്കാരികപരമായും വൈവിധ്യങ്ങൾ പേറുന്ന കുട്ടനാടിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പുളിങ്കുന്ന് പഞ്ചായത്തിൽ ഉൾപ്പെടുന്ന - കണ്ണാടി എന്ന പ്രദേശത്തിന്റെ അക്ഷരമുത്തശ്ശിയാണ് ഗവ. യു. പി. സ്കൂൾ കണ്ണാടി. 'വാരാട്' എന്ന ഓമനപ്പേരിൽ ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസ കുതിപ്പുകൾക്ക് ഊർജ്ജം പകരുന്നതാണ് ഈ വിദ്യാലയം.

ഭൂമിശാസ്ത്രപരമായി വളരെ പ്രത്യേകത ഉള്ള നാടാണ് ഇത്. വെള്ളത്താൽ ചുറ്റപ്പെട്ട് ചെറിയ ഒരു കര മാത്രം അവശേഷിച്ചിരുന്ന ഈ പ്രദേശം ഇപ്പോൾ വികസനപാതയിലാണ്. വെള്ളം മാത്രമല്ല ഗതാഗത സാഹചര്യങ്ങളും കൂടുതൽ സുഗമമായി തീർന്നിട്ടുണ്ട്. കാർഷികവൃത്തിയും മത്സ്യബന്ധനവും ഉപജീവനമാർഗ്ഗമായ സാധാരണക്കാരാണ് പ്രദേശവാസികളേറെയും. ചരിത്രം - ഉറങ്ങുന്ന പടിഞ്ഞാറേ മഠത്തിൽ ശ്രീ ഭഗവതി ക്ഷേത്രവും പഴയകാട് പള്ളിയും ഈ പ്രദേശത്തിന്റെ ഭാഗമാണ്. വെല്ലുവിളികൾ നിറഞ്ഞ ഭൗതിക സാഹചര്യങ്ങളെ അതിജീവിച്ച് മുന്നോട്ടു പോകുന്ന ഈ ജനസമൂഹം കാലത്തിന്റെ മാതൃകയാണ്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. യു. പി സ്കൂൾ കണ്ണാടി |
| വിലാസം | : | കണ്ണാടി പി.ഒ, പുളിങ്കുന്ന്<br>ആലപ്പുഴ - 688504 |
| ഫോൺ | : | 0477 2703083 |
| സ്കൂൾ കോഡ് | : | 46220 |
| വിദ്യാഭ്യാസ ഉപജില്ല | : | മങ്കൊമ്പ് |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി.ആർ.സി | : | മങ്കൊമ്പ് |
| സി.ആർ.സി | : | പുളിങ്കുന്ന് |
| ഗ്രാമപഞ്ചായത്ത് | : | പുളിങ്കുന്ന് (5-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | വെളിയനാട് |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭാമണ്ഡലം | : | കുട്ടനാട് |
| ലോകസഭാമണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | കുട്ടനാട് |
| വില്ലേജ് | : | കുന്നമ്മ |
| ഇ-മെയിൽ | : | gupskannadi@gmail.com |
| പ്രധാനധ്യാപിക | : | ശ്രീമതി മിനിമോൾ ഫ്രാൻസിസ് |
| എസ്.എം.സി ചെയർമാൻ | : | ശ്രീ മഹേഷ് എം. ആർ |

# വിദ്യാലയ ചരിത്രം

1902 ൽ വലിയവീട്ടിൽ കുഞ്ഞികൃഷ്ണൻ വക്കീലിന്റെ വസ്തുവിൽ ഓലകെട്ടിയ ഒരു ഷെഡ്ഡിൽ പ്രവേലിൽ കുടുംബ വക സ്ഥലത്ത് ചെറുകോട്ടിൽ ആശാൻ ആരംഭിച്ച കുടിപ്പള്ളിക്കൂടം. പിന്നീട് ലോവർ പ്രൈമറിയായും അപ്പർ പ്രൈമറിയായും ഉയർന്നു.

2012-13-ൽ പ്രീ-പ്രൈമറി ആരംഭിച്ചു. 2012-ൽ 12 വിദ്യാർത്ഥികളായി കുറഞ്ഞതിനെ തുടർന്ന് ബഹു: ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ അടച്ചു. പൂട്ടാൻ തീരുമാനിച്ചു. 2011-12 ൽ പ്രധാനാധ്യാപകനായി സ്ഥാനമേറ്റ ശ്രീ. ടി. എസ് പ്രദീപ് കുമാറിന്റെ നേതൃത്വത്തിൽ രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ വിദ്യാലയത്തെ പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. നഷ്ടപ്പെട്ട അധ്യാപക തസ്തികകൾ വീണ്ടെടുത്തു. വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായി.

പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ വിവിധ ക്ലാസുകളിലായി 190 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. കുട്ടനാട് വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ അധ്യയനം നടത്തുന്ന സർക്കാർ യു.പി വിദ്യാലയമാണിത്. ഭൗതിക സാഹചര്യം വളരെയേറെ മെച്ചപ്പെട്ട ഒരു സ്കൂളാണിന്നിത്. അക്കാദമിക തലത്തിൽ മികവോടെ മുന്നേറാൻ സാധിക്കുന്നുണ്ട്.

വൈസ് അഡ്മിറൽ ശ്രീകുമാർ നായർ (ഇന്ത്യൻ നേവി, MD കെൽട്രോൺ) കെ. കുഞ്ചു പിള്ള (സ്വാതന്ത്ര്യ സമര സേനാനി), ഫാദർ അപ്പച്ചൻ (ഉദയ സ്റ്റുഡിയോ), പി.കെ നാരായണപ്പണിക്കർ (N.S.S ജനറൽ സെക്രട്ടറി)

എൻ. ജെ തോമസ് മാവേലി (പോളിടോമാർസ് കമ്പനി സ്ഥാപകൻ) തുടങ്ങിയവർ ഈ സ്കൂളിലെ പൂർവ്വ-വിദ്യാർത്ഥികളാണ്.

പൂർവ്വ വിദ്യാർത്ഥിയായ മുൻ വൈസ് അഡ്മിറൽ (ഇന്ത്യൻ നേവി) ശ്രീ. ശ്രീകുമാർ നായർ സാറിന്റെ അകമഴിഞ്ഞ സഹായങ്ങൾ സ്കൂളിന്റെ അക്കാദമിക-ഭൗതിക നിലവാരം മെച്ചപ്പെടുത്താൻ വളരെയധികം സഹായിച്ചു. സ്കൂളിന്റെ ഉന്നമനത്തിനായി അക്ഷീണാർത്ഥം പരിശ്രമിച്ച മുൻ-പ്രഥമാധ്യാപകൻ ശ്രീ. T-S പ്രദീപ് കുമാർ മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടി. പൊതു-സമൂഹത്തിൽ തിളക്കമാർന്ന പ്രവർത്തനങ്ങൾ നടത്തി സ്കൂൾ മുന്നോട്ട് പോകുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1) വിദ്യാർത്ഥികളുടെ സമഗ്രമായ വികസനം സാധ്യമാക്കുന്ന അക്കാദമിക - ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക.

2) പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

3) ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4) സംയോജിത വിദ്യാഭ്യാസം ഫലപ്രദമാകുന്ന വിദ്യാലയ അന്തരീക്ഷം രൂപപ്പെടുത്തൽ (പരിമിതികൾ നേരിടുന്നവർക്കും സജീവമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അന്തരീക്ഷം ഒരുക്കൽ)

5) ഓരോ ക്ലാസ്സിലും നേടേണ്ട ശേഷികളും ധാരണകളും എല്ലാ വിദ്യാർത്ഥികളും നേടുന്നുണ്ട് എന്നുറപ്പാക്കൽ.

6) സാമൂഹിക നന്മയ്ക്കായി വിദ്യാലയ സാധ്യതകളെ ഉപയോഗപ്പെടുത്തൽ.

7) പാരിസ്ഥിതിക ബോധത്തോടെ ജീവിക്കുവാനും നിലവിലുള്ള വിഭവങ്ങളെ ചൂഷണം ചെയ്യാതെ കരുതലോടെ ഉപയോഗിക്കാനുള്ള മനോഭാവം എല്ലാ കുട്ടികളിലും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം - നേട്ടങ്ങൾ

പ്രളയ പുനരധിവാസ പദ്ധതിപ്രകാരം MP LADS ഫണ്ട് ഉപയോഗിച്ച് രണ്ട് നിലകളിലായി 10 ക്ലാസ് മുറികൾ വരുന്ന കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ട്. അഞ്ച് ക്ലാസ് മുറികൾ ഹൈടെക് ക്ലാസ്മുറികളാണ്. ലൈബ്രറി, ലാബ് എന്നിവയും കമ്പ്യൂട്ടർ ലാബും സജ്ജമാക്കിയിട്ടുണ്ട്. ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം നിർമ്മിച്ചിട്ടുണ്ട്. എസ്. എസ്. കെ വർണ്ണകൂടാരം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രീ-പ്രൈമറി ഹൈടെക് ആയി നവീകരിച്ചിട്ടുണ്ട്. കിഡ്സ് പാർക്ക് ആകർഷണീയമാക്കാൻ മേൽക്കൂര സ്ഥാപിച്ചു. സ്കൂളിന്റെ മുറ്റം ഉയർത്തി ഇന്റർലോക്ക് ചെയ്ത് ആകർഷകമാക്കിയിട്ടുണ്ട്. കുടിവെള്ളക്ഷാമം ഒരു പരിധിവരെ കുറയ്ക്കാനായി മഴവെള്ളസംഭരണി സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്കായി 7 ശൗചാലയവും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി ഒരെണ്ണവും ഉണ്ട്. ഭക്ഷണം പാകം ചെയ്യുന്നതിനായി അടുക്കളയും കൈ കഴുകുന്നതിനുള്ള മതിയായ സംവിധാനവും ഉണ്ട്. സൗരോർജ്ജപാനൽ ഉണ്ട്. പെൺകുട്ടികൾക്കായി സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചു.

## ഭൗതികം - പരിമിതികൾ

സ്കൂളിന്റെ ചുറ്റുമതിൽ പൂർണ്ണമല്ല. കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. മാലിന്യ സംസ്കരണം ശരിയായ വിധത്തിൽ പൂർത്തീകരിക്കുന്നതിനുള്ള സംവിധാനം ഇല്ല. ആകർഷകമായ വിധത്തിൽ ജൈവ വൈവിധ്യ പാർക്ക്, പച്ചക്കറിത്തോട്ടം എന്നിവ നിർമിക്കേണ്ടതുണ്ട്. കുട്ടികൾക്ക് മതിയായ കളിസ്ഥലങ്ങളോ കളിയുപകരണങ്ങളോ ഇല്ല.

## അക്കാദമികം - നേട്ടങ്ങൾ

കുട്ടനാട്ടിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന ഏക സർക്കാർ വിദ്യാലയമാണിത്. 2025 വരെ LSS, USS എന്നിവയിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഉപ ജില്ലാ കലാ - പ്രവൃത്തി പരിചയ മേളകളിലും കായിക മേളകളിലും തിളക്കമാർന്ന വിജയം നേടി. ന്യൂ മാത്സ്, വിവിധ ക്വിസ് മത്സരങ്ങളിൽ ഉന്നത വിജയം കൈവരിച്ചു. 2025-26 അധ്യയന വർഷത്തിൽ 1-10 ക്ലാസിലേക്ക് മങ്കൊമ്പ് സബ്ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പ്രവേശനം നേടി. LEP പ്രോഗ്രാമിലൂടെ പിന്നോക്കക്കാരായ കുട്ടികൾക്ക് പഠന പിന്തുണ നൽകാൻ സാധിച്ചു.

## അക്കാദമികം - പരിമിതികൾ

കലാ കായിക മേഖലകളിലും കുട്ടികൾ മികവുകൾ നേടേണ്ടതുണ്ട്. കലാ കായിക പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് വൈദഗ്ധ്യമുള്ള അധ്യാപകരുടെ സേവനം ആവശ്യമാണ്. LSS USS പരീക്ഷകളിൽ കുട്ടികൾ മികച്ച വിജയം കരസ്ഥമാക്കാനുള്ള പദ്ധതികൾ ആവശ്യമാണ്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## മാതൃഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം 1<br><br>സചിത്ര പാഠം<br>കുഞ്ഞെഴുത്ത്<br><br>ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളുടെ ഭാഷാ ശേഷി വികസനം കുഞ്ഞെഴുത്ത് പുസ്തകത്തിന്റെ സഹായത്തോടെ ആർജ്ജിക്കുക. | • പഠനോപകരണ നിർമ്മാണ ശില്പശാല<br>• കുഞ്ഞെഴുത്ത്<br>• വായനോത്സവം<br>• രചനോത്സവം<br>• ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>• സംയുക്ത ഡയറിയെഴുത്ത്<br>• BRC, IED Resource Teacher എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം തയ്യാറാക്കൽ | ജൂൺ -ഒക്ടോബർ | എസ്. ആർ. ജി<br><br>ക്ലാസ് PTA | എസ്. എസ്. കെ |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 2<br><br>വായനാ പരിപോഷണം<br><br>* സ്വതന്ത്ര വായന എല്ലാ കുട്ടികളിലും ഉറപ്പാക്കൽ | * ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>* സമീപ ഗ്രന്ഥശാല അംഗത്വം<br>* പത്രവായന<br>* അമ്മ വായന<br>* പുസ്തക ശേഖരണവും പ്രദർശനവും<br>* പുസ്തക പരിചയം<br>* നാട്ടുവായന, പ്രാദേശിക എഴുത്തുകാരെ പരിചയപ്പെടൽ<br>* വായനാ കളരി - പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, ആനുകാലിക വായന<br>* ഭാഷാ കളരി, പ്രീ പ്രൈമറി കുഞ്ഞുങ്ങൾക്ക് പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br><br>വാർത്താ ലോകത്തേക്ക് - പത്രം, മാസികകൾ എന്നിവ എല്ലാദിവസവും പഠിതാക്കൾക്ക് വായിക്കാൻ അവസരം നൽകുന്നു. അവയെ അടിസ്ഥാനമാക്കി പത്ര ക്വിസ് നടത്തുന്നു. | ജൂൺ - മാർച്ച് | എസ്, ആർ, ജി, പിടിഎ<br>ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം - 3<br><br><u>എഴുതാം തെളിയാം</u><br><br>എഴുത്ത് പരിപോഷിപ്പിക്കൽ രചനാ ശില്പശാല സംഘടിപ്പിക്കൽ, സർഗ്ഗാത്മക രചനകളിൽ അവസരമൊരുക്കൽ. | * അക്ഷര കാർഡ്, പദ കാർഡ്, വായനാ കാർഡ് എന്നിവയുടെ നിർമ്മാണം<br>* ലഘു രചനയിലേയ്ക്ക് നയിക്കുന്ന രചനാ ശില്പശാല<br>* ചുമർ പത്രിക<br>* സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>* രക്ഷിതാക്കളുടെ എഴുത്തുകൾ<br>* ICT സാധ്യതകൾ സജ്ജീകരിക്കൽ<br>* രചനാ മത്സരങ്ങൾ<br>* രചനാ എഴുത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് അനിവാര്യമായ പരിശീലനം സംഘടിപ്പിക്കൽ | | | |

ഇംഗ്ലീഷ് [illegible]

| | | | | |
|---|---|---|---|---|
| പ്രവർത്തനം 1<br>ഇംഗ്ലീഷ് കോർണർ<br>ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകമായ പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | * ക്ലാസ് തലത്തിൽ ഇംഗ്ലീഷ് - ചുമർപത്രികകൾ, വായന കാർഡുകൾ, ചെറുപുസ്തകങ്ങൾ സജ്ജീകരിക്കൽ.<br>* ഒരു പൊതു ഇടത്തിൽ - ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ - വാർത്തകൾ, ചെസിൽസ് തുടങ്ങിയവ പ്രദർശിപ്പിക്കൽ. | ജൂൺ - ഡിസംബർ | HM<br>ഇംഗ്ലീഷ് അധ്യാപകർ | |
| പ്രവർത്തനം 2<br>Lend Your Ear | * ലളിതവും രസകരവുമായി - ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് - കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | |
|---|---|---|---|
| പ്രവർത്തനം 3<br>One Man Show | ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാ-ഹനം നൽകുന്നു. | ഒക്ടോബർ | അധ്യാപകർ |
| പ്രവർത്തനം 4<br>Readers of the month | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Readers of the Month നെ ആദരിക്കുന്നു. | ജൂൺ - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ |
| പ്രവർത്തനം 5<br>My Droplets | കുട്ടികളുടെ കലാസൃഷ്ടി - ഉൾപ്പെടുത്തി ക്ലാസ് മാഗ-സിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | ഫെബ്രുവരി | അധ്യാപകർ |
| പ്രവർത്തനം 6<br>Run Baby Run | ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം - വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ | | |

| | | | | |
|---|---|---|---|---|
| | എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | | | |
| പ്രവർത്തനം 7<br>ഇംഗ്ലീഷ് അസംബ്ലി<br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ സംസാരിക്കുന്നതിനും വായിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം - ഇംഗ്ലീഷിൽ അസംബ്ലി സംഘടിപ്പിക്കൽ, ഓരോ ക്ലാസിനും - ചുമതല നൽകൽ. | ജൂലൈ - മാർച്ച് | H.M<br>ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 8<br>ഇംഗ്ലീഷ് രചനകൾ മെച്ചപ്പെടുത്തൽ. | * ഇംഗ്ലീഷ് ഡയറി<br>* ഇംഗ്ലീഷ് ബുള്ളറ്റിൻ<br>* Concept map തയ്യാറാക്കൽ<br>* ചിത്ര വായന<br>* സ്വതന്ത്ര ഇംഗ്ലീഷ് രചനകൾ - കഥ കവിത<br>* പദപ്രശ്ന നിർമ്മാണം | ജൂൺ - മാർച്ച് | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 9<br>ഇംഗ്ലീഷ് - ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാഹചര്യം ഒരുക്കൽ. | * ഇംഗ്ലീഷ് തിയറ്റർ<br>ക്ലാസ് തലത്തിൽ - Skit, conversation, drama etc. തയ്യാറാക്കൽ, അവതരിപ്പിക്കൽ. | ജൂൺ - മാർച്ച് | H.M<br>ഇംഗ്ലീഷ് അധ്യാപകർ | |
| പ്രവർത്തനം 10<br>Fun time Funda | കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ - എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | | | |

ഗണിതം

| | | | | |
|---|---|---|---|---|
| **പ്രവർത്തനം 1**<br>എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ<br>ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതകിറ്റ് ഉപയോഗപ്പെടുത്തി ഗണിത ലാബ് സജ്ജീകരിക്കൽ | ജൂൺ - മാർച്ച് | ഹച്ച്.എം<br>ഗണിതാധ്യാപിക | |
| **പ്രവർത്തനം 2**<br>ഗണിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി ഉറപ്പിക്കൽ. | - സമ്പാദ്യകാർഡ് പദ്ധതി<br>- ഗണിതക്കട [കുട്ടിപീടിക]<br>- ഫീൽഡ് ട്രിപ്പ്.<br>- ഗണിത പാർക്ക് നിർമാണം.<br>- ഏണിയും പാമ്പും ഡയസ് കളി | ജൂൺ - മാർച്ച് | ഹച്ച്.എം<br>ഗണിതാധ്യാപിക. | |

| | | | | |
|---|---|---|---|---|
| **പ്രവർത്തനം 3**<br>കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ▲ ഗണിത മാഗസിൻ<br>▲ ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം<br>▲ ഗണിതപ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ - മാർച്ച്<br>സെപ്തംബർ മാസത്തിൽ ഒന്നുവീതം | ഗണിതാധ്യാപകർ<br>ക്ലാസ്ടീച്ചർ<br>SRG<br>PTA | |
| **പ്രവർത്തനം 4**<br>ഗണിത ശില്പശാല<br>കുട്ടികളിൽ ഗണിത താല്പര്യം വളർത്തുന്നതിന് സഹായകരമായ സാഹചര്യം ഒരുക്കൽ | ▲ ഗണിത വർക്ക്ഷീറ്റ് നിർമ്മാണം<br>▲ ജ്യോമട്രിക് ചാർട്ട് നിർമ്മാണ ശില്പശാല<br>▲ ഒറിഗാമി, ടാൻഗ്രാം, ഡൊമിനോ നിർമ്മാണ ശില്പശാല<br>▲ ക്ലോക്ക് നിർമ്മാണം<br>പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | ഗണിത അധ്യാപകൻ<br>PTA<br>BRC | |

| | | | | |
|---|---|---|---|---|
| **പ്രവർത്തനം 5**<br><br>ഗണിതചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളിലും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്നു വീതം | ഗണിതാധ്യാപിക | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 1<br>ശാസ്ത്രവിഷയത്തിന് അഭിരുചിയും താല്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ്<br>പരീക്ഷണ നിരീക്ഷണങ്ങൾ<br>ഡോക്യുമെന്ററി പ്രദർശനം<br>ശാസ്ത്രദിനാചരണങ്ങൾ<br>പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>പച്ചക്കറിത്തോട്ടം<br>പൂന്തോട്ടം<br>ശുചീകരണപ്രവർത്തനങ്ങൾ<br>പ്രോജക്ട് വർക്കുകൾ<br>ശാസ്ത്രമേളകളിലെ പങ്കാളിത്തം ഉറപ്പാക്കൽ. | ജൂൺ - മാർച്ച് | H M<br>SRG<br>ശാസ്ത്ര അധ്യാപിക | |
| പ്രവർത്തനം 2<br>ശാസ്ത്രലാബ് നവീകരിക്കൽ | ശാസ്ത്രലാബ് സജ്ജീകരിക്കൽ<br>പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>പ്രദർശനം അവതരണം. | ജൂൺ | | |

| | | | |
|---|---|---|---|
| <u>പ്രവർത്തനം 3</u><br>പ്രകൃതി നടത്തം നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA |
| <u>പ്രവർത്തനം 4</u><br>ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ<br>ശാസ്ത്ര ക്ലബ്ബ് | ശാസ്ത്രം ജ്ഞാനത്തിന്, ശാസ്ത്രത്തിന്റെ അനിവാര്യത എന്നിവ കേന്ദ്രീകരിച്ചുള്ള പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കൽ, ചർച്ചകൾ.<br>ശാസ്ത്ര പ്രദർശനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള അവസരമൊരുക്കൽ<br>ഡോക്യുമെന്ററി [ശാസ്ത്രജ്ഞരും ശാസ്ത്ര സംഭവങ്ങളും. | ജൂൺ - മാർച്ച് | HM<br>SRG<br>ശാസ്ത്രാധ്യാപിക. |

| | | | | |
|---|---|---|---|---|
| **പ്രവർത്തനം 5**<br>ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂ<br>ടെ നേടിയ അറിവു<br>കളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്<br>ആൽബം, പഠനോപകരണം<br>പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരി<br>ക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | |
| **പ്രവർത്തനം 6**<br>ശാസ്ത്രമാസിക<br>ശാസ്ത്രപഠനത്തിലൂ<br>ടെ നേടിയ അറിവു<br>കളുടെ രചന. | ശാസ്ത്രമാസികകളുടെ നിർമ്മാ<br>ണം. | വർഷത്തിലൊന്ന് | HM<br>ശാസ്ത്രാധ്യാപിക. | |

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| * UP തലത്തിൽ എല്ലാകുട്ടികൾക്കും അക്ഷരവും പദവും ആശയവും ഉറപ്പിക്കൽ | * ചിത്രംവരയിലൂടെ വാക്കുകളും അക്ഷരങ്ങളും ഉറപ്പിക്കൽ [eg: മൃഗങ്ങൾ, പക്ഷികൾ എന്നിവരുടെ ചിത്രങ്ങൾ.<br>* വായനക്കാർഡ്, വാക്കുകൾ നിർമ്മാണം | ജൂൺ - ഓഗസ്റ്റ് | ഹിന്ദി അധ്യാപിക. | |
| * വീട്ടിൽ കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കൾ, ഗൃഹ ഉപകരണങ്ങൾ, പച്ചക്കറികൾ പഴവർഗ്ഗങ്ങൾ പലവ്യഞ്ജനങ്ങൾ പരിചയപ്പെടൽ | * ഹിന്ദി നിഘണ്ടുവിലൂടെ തിരിച്ചറിയുക. | സെപ്റ്റംബർ - ഒക്ടോബർ | HM<br>ഹിന്ദി അധ്യാപിക<br>PTA | |

| | | | | |
|---|---|---|---|---|
| * ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കുക. | • ഹിന്ദി അസംബ്ലി (ദിനാചരണങ്ങൾ) Sep 14 ഹിന്ദിദിനം പ്രേംചന്ദ് ജയന്തി ജനുവരി 10 ഒക്ടോബർ 2 ക്ലാസ് ലൈബ്രറി സുരീലി ഹിന്ദി പ്രവർത്തനങ്ങൾ [ഹിന്ദി ക്ലബ്ബ്] | നവംബർ - മാർച്ച് | HM PTA ഹിന്ദി അധ്യാപിക. | |
| * സുരീലി ഹിന്ദി കവിത പ്രകടനം | • സുരീലി ഹിന്ദി കവിതപ്രകടനം അസംബ്ലി, ഹിന്ദിദിനം | ജൂൺ - മാർച്ച് | ICT | |

| | | | | |
|---|---|---|---|---|
| * പ്രവർത്തനം 1<br>പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | * പഠനയാത്ര<br>ചരിത്രസ്ഥലങ്ങൾ പൊതു സ്ഥാപനങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയവ<br>* ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ<br>ചരിത്രസിനിമ പ്രദർശനം | ആവശ്യാനുസരണം. | HM<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>PTA | |
| * പ്രവർത്തനം 2<br>സാമൂഹികശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കൽ | * ദിനാചരണങ്ങൾ<br>* സാമൂഹിക ശാസ്ത്രക്ലബ്ബ് സജ്ജീകരണം<br>* ആനുകാലിക സംഭവങ്ങൾ ഉൾപ്പെടുത്തിയ ബുള്ളറ്റിൻ ചർച്ചകൾ<br>* സാമൂഹിക ശാസ്ത്ര വായന കോർണർ (ജേർണൽസ്, ഇയർബുക്ക്, ഭൂപടം) | ജൂൺ - മാർച്ച് | HM<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>SRG | |

| | | | | | |
|---|---|---|---|---|---|
| പ്രവർത്തനം 3<br>ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | • സ്കൂൾ പാർലമെന്റ്<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കൽ. | | HM<br>SRG<br>സാമൂഹ്യശാസ്ത്ര അധ്യാപകർ. | | |
| പ്രവർത്തനം 4<br>സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിച്ച് നേടിയെടുക്കുക. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ പരിശോധിക്കുന്നതിനുള്ള സാമഗ്രികൾ നിർമ്മിക്കുന്നു.<br>• അന്തർദേശീയ നദികൾ, തലസ്ഥാനങ്ങൾ, ~~ഭൂഖണ്ഡം~~, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനമാക്കി ~~IQ test~~ Memory test നടത്തുന്നു. | ജൂൺ - മാർച്ച് | | | |

| | | | |
|---|---|---|---|
| പ്രവർത്തനം 5<br>ഭൂപടമൊരുക്കാം<br>കേരളം - ഇന്ത്യ ഭൂപടവായന<br>സൂചിക പരിചയപ്പെടൽ | ഭൂപടവായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വിശകലനത്തിലൂടെ | SRG<br>ക്ലാസ് ടീച്ചർ |
| പ്രവർത്തനം 6<br>ചരിത്രത്തിലൂടെ<br>ചരിത്രാന്വേഷണ യാത്ര നടത്തി നോക്കുക. | Virtual Field trip<br>ICT സാധ്യതകളുപയോഗിച്ച് കേരളത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് ചരിത്രാന്വേഷണം നടത്തുന്നു. | നിരീക്ഷണം - ഉൾക്കൊണ്ട് | HM<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>PTA |
| പ്രവർത്തനം 7<br>പ്രകൃതി ദുരന്തങ്ങളെ കുറിച്ചു മനസിലാക്കി രക്ഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന [illegible] | വെള്ളപ്പൊക്കം, സുനാമി, മണ്ണിടിച്ചിൽ തുടങ്ങിയവയുടെ വീഡിയോ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്ത [illegible] നിരീക്ഷിച്ച് [illegible] സാധിക്കുന്നു | സെമിനാർ അവതരണം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| **കലാപഠനം** | | | | |
| കലാവാസനകൾക്ക് പരിപോഷണം നല്കൽ | ബാലസഭ<br>സർഗ്ഗവേദി<br>ശില്പശാലകൾ<br>കലാമേളകൾക്കുള്ള ക്ലാസ്തല പരിശീലനം<br>ചിത്രപ്രദർശനം | ആഴ്ചയിലൊന്ന് | ക്ലാസ് ടീച്ചർ | |
| **പ്രവൃത്തിപരിചയം** | | | | |
| കുട്ടികളിലെ കരകൗശല സർഗ്ഗാത്മക വാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ | കരകൗശല പരിശീലനം<br>ശില്പശാല<br>പ്രവൃത്തി പരിചയ മേളകൾക്കുള്ള സ്കൂൾ തല പരിശീലനം | ആഴ്ചയിൽ രണ്ട്. | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| **കായികപഠനം** | | | | |
| ആരോഗ്യ കായിക പഠനം - പരിശീലനം ഉറപ്പാക്കൽ | * മെഡിക്കൽ ക്യാമ്പ്<br>* സൂമ്പ ഡാൻസ്<br>* രാവിലെയും വൈകുന്നേരവും കായിക പരിശീലനം<br>* ഫിസിക്കൽ എക്സർസൈസ്<br>* കായിക മേളകൾക്കുള്ള പരിശീലനം | ജൂൺ - മാർച്ച് | HM<br>ക്ലാസ്ടീച്ചർ<br>കായിക അധ്യാപകൻ. | |

## വിവരസാങ്കേതിക വിദ്യ

| | | | | |
|---|---|---|---|---|
| * വിവരസാങ്കേതിക വിദ്യയിൽ കുട്ടികളെയും അധ്യാപകരെയും ശാക്തീകരിക്കൽ | * കളിപ്പെട്ടി - ക്ലാസ്തല പരിശീലനം<br>* ഡിജിറ്റൽ പോർട്ട്ഫോളിയോ<br>* പാഠഭാഗവുമായി ബന്ധപ്പെടുത്തി ICT സാധ്യതകൾ കണ്ടെത്തൽ<br>* അധ്യാപകരെയും കുട്ടികളെയും രക്ഷിതാക്കളെയും നൂതനമായ ക്ലാസ് തല ICT സാധ്യത പരിചയപ്പെടുത്തി പ്രത്യേക പരിശീലനം. | ജൂൺ - മാർച്ച് | HM<br>ക്ലാസ് ടീച്ചർ | |
| * കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് CPTA സജീവമാക്കൽ | അജണ്ട വച്ച് CPTA മൂന്ന് മാസത്തിലൊരിക്കൽ ചേരൽ<br>പഠന പുരോഗതി പരിശോധിക്കൽ | മൂന്ന് മാസം കൂടുമ്പോൾ. | HM<br>ക്ലാസ് ടീച്ചർ<br>SRG<br>PTA | |

| | | | | |
|---|---|---|---|---|
| **പോഷകാഹാര പരിപാടി**<br><br>ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം എന്ന് മനസ്സിലാക്കൽ | എല്ലാദിവസവും വ്യത്യസ്ത മെനു ഉൾപ്പെടുത്തി പോഷക സമൃദ്ധമായ പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം നല്കൽ.<br><br>ആഴ്ചയിൽ രണ്ടു തവണ പാലും 1 തവണ മുട്ടയും നല്കൽ. | എല്ലാദിവസവും | HM<br>Noon meal ചാർജുള്ള അധ്യാപിക<br>PTA | |

# ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ★ ചുറ്റുമതിൽ അടിസ്ഥാന സൗകര്യ വികസനം - സുരക്ഷിതമായി - സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ. | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ ചുറ്റുമതിൽ നിർമ്മിച്ച് സ്കൂൾ പരിസരം സുരക്ഷിതമാക്കുക. | ഒരു വർഷം | P.T.A പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത്. |
| ★ മാലിന്യ സംസ്കരണ പ്ലാന്റ് ശരിയായ വിധത്തിൽ മാലിന്യ സംസ്കരണം ഉറപ്പാക്കൽ. | ജൈവ - മാലിന്യ സംസ്കരണം ശരിയായ വിധത്തിൽ ഉറപ്പാക്കുന്നതിനായി - മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുക. | ഒരു വർഷം | പഞ്ചായത്ത് | ANERT പഞ്ചായത്ത് |

# സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * വിദ്യാലയ വിഭവ-ങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ, നാട്ടിലെ വായനതത്പരർ എന്നിവർക്ക് - വ്യവസ്ഥകൾക്ക് വിധേയമായി വായിക്കാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ | ജൂൺ - മാർച്ച് | SRG, PTA | |
| * അധ്യാപക - രക്ഷകർത്തൃ ബന്ധം ശക്തമാക്കുക. | PTA, MPTA, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ, കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനം നൽകൽ. | വർഷത്തിൽ ഒരു തവണ | PTA, MPTA SRG | PTA |

| | | | | |
|---|---|---|---|---|
| ★ സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം<br><br>വിദ്യാർത്ഥികളിൽ സാമൂഹ്യപ്രതിബദ്ധത വളർത്തുന്നതിനും - സമൂഹത്തിന് സേവനം ചെയ്യുന്നതിനും പ്രാപ്തരാക്കുക. | • സഹവാസ ക്യാമ്പ്<br>• പ്രകൃതിനടത്തം<br>• സ്വയം പ്രതിരോധശേഷികൾ കൈവരിക്കുന്നതിനുള്ള ക്ലാസുകൾ സംഘടിപ്പിക്കുക.<br>• ശില്പശാലകൾ<br>• നെൽപാടം സന്ദർശിക്കുക<br>• ഓൾഡേജ് ഹോം - സന്ദർശനം<br>• ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക. | ജൂൺ - ഫെബ്രുവരി | HM<br>SRG, PTA | |
| ★ SAY NO TO DRUGS<br><br>കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ. | • സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബ്, സോഷ്യൽ - സയൻസ് ക്ലബ് എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. | ജൂൺ - മാർച്ച് | HM<br>SRG, PTA | |

| | | | | |
|---|---|---|---|---|
| | * ബോധവൽക്കരണ ക്ലാസുകൾ<br>* സർഗ്ഗാത്മക പ്രവർത്തനങ്ങൾ കായിക പ്രവർത്തനങ്ങൾ - എന്നിവയിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുക.<br>* ലഹരിക്കെതിരെയുള്ള - സർക്കാർ പദ്ധതികളിൽ - പങ്കാളികളാക്കുക. | | | |
| *ഒരു പിടി നന്മ<br>കുട്ടികളെ ജീവ-കാരുണ്യ പ്രവർത്തന-ങ്ങളിൽ പങ്കാളികളാക്കുക | പൊതു സമൂഹത്തിൽ അർഹതയുള്ളവരെ പിന്തുണക്കൽ. ക്ലാസ് തലത്തിൽ സാധനങ്ങൾ സമാഹരിച്ച് വിതരണം നടത്തുന്നു. | മാസത്തിൽ ഒരു തവണ. | HM<br>PTA<br>അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയ പരിസരത്ത് താമസിക്കുന്ന രക്ഷിതാക്കളെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. ആശയ വിനിമയം നടത്തുന്നു. | വർഷത്തിൽ ഒരു തവണ | SRG<br>PTA | |

## പ്രതീക്ഷിത പഠനനേട്ടങ്ങൾ

* ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ പ്രീ-പ്രൈമറിമുതൽ 7-ാം ക്ലാസ് വരെ പല കുട്ടികൾക്കും മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

* വിദ്യാഭ്യാസ രംഗത്തുള്ള ഗുണപരമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

* "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

* കുട്ടികളിൽ പഠനവിടവുകൾ പരിഹരിച്ച് മികച്ച അധ്യയനം സാധ്യമാക്കുന്നു.

* വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു.

* പരിസ്ഥിതി സൗഹൃദപരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും പരിസ്ഥിതി സംരക്ഷണം കടമയായി കുട്ടികൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

* കലാ കായിക പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.

## മോണിട്ടറിംഗ്


* ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്, ആർ.ജി കൺവീനർ , എസ്.എം.സി ചെയർമാൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.
* ഉയർന്ന ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ്

## ഉപസംഹാരം


വിദ്യാഭ്യാസരംഗം കച്ചവടവത്കരിക്കുന്ന നൂതന സാംസ്കാരിക നയങ്ങൾ പൊതുവിദ്യാലയങ്ങളിലെ ഗുണപരമായ മുന്നേറ്റങ്ങൾക്ക് വിലങ്ങുതടിയാകുന്നുണ്ട്. എല്ലാ കുട്ടികൾക്കും സൗജന്യവും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പൊതുസമൂഹത്തിന് ഉപകാരപ്പെടുന്ന ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നതിനും നാട്ടുകാർ ഇല്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ മാതൃകകൾ സംരക്ഷിക്കുന്നതിനും പോരായ്മകളെ മികവുള്ളതാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

GOVT. U. P. SCHOOL. KANNADY


Sketch and Plan of School building.



Construction of new building for Govt. UPS Kannadi




ELEVATION




Area
=277.68m2

GF PLAN




FF PLAN

Area
=269.15m2

MINIMOLE FRANCI

ASSISTANT ENGINEER
BUILDINGS SECTION
EDATHUVA